പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2020-ലെ സംസ്ഥാന ആരോഗ്യ അതോറിറ്റി ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2020-ലെ സംസ്ഥാന ആരോഗ്യ അതോറിറ്റി ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം. എൽ. എ. നോട്ടീസ് നൽകിയത്)

527/2020.

# 2020-ലെ സംസ്ഥാന ആരോഗ്യ അതോറിറ്റി ബിൽ

(ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് പകർച്ച വ്യാധികൾ, മാരക രോഗങ്ങൾ എന്നിവ പകരുന്നത് തടയുന്നതിനും ആരോഗ്യ പ്രവർത്തകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പകർച്ച വ്യാധികൾ മാരക രോഗങ്ങൾ എന്നിവ പകരുന്നത് തടയുന്നതിനും ആരോഗ്യ പ്രവർത്തകരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നത് അത്യാവശ്യമായിരിക്കുന്നതിനാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമം നിർമ്മിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ നിയമം "2020-ലെ കേരള സംസ്ഥാന ആരോഗ്യ അതോറിറ്റി രൂപീകരണ ബിൽ" എന്ന് അറിയപ്പെടുന്നതാണ്.

(2) ഈ നിയമത്തിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ നിർവചിക്കപ്പെടാത്ത പക്ഷം,—

(1) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(2) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(3) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(4) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(5) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(6) "അതോറിറ്റി" എന്നാൽ സംസ്ഥാന ആരോഗ്യ അതോറിറ്റി എന്നർത്ഥമാകുന്നു;

(7) "ചെയർമാൻ" എന്നാൽ അതോറിറ്റി ചെയർമാൻ എന്നർത്ഥമാകുന്നു;

(8) "ആരോഗ്യ പ്രവർത്തകർ" എന്നാൽ രോഗം ബാധിച്ചവരെ ശുശ്രൂഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നവർ എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാന ആരോഗ്യ അതോറിറ്റി രൂപീകരണം.</u>—(1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി "സംസ്ഥാന ആരോഗ്യ അതോറിറ്റി" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

(3) അതോറിറ്റിയുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ ആരോഗ്യ വകുപ്പിൽ നിന്നോ, അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നോ സർക്കാർ ചട്ട പ്രകാരം നിയമിക്കാവുന്നതാണ്.

4. <u>അതോറിറ്റിയുടെ ഘടന.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടെ അതോറിറ്റി രൂപീകരിക്കാവുന്നതാണ്.

(2) അതോറിറ്റിയിൽ അഞ്ചിൽ കുറയാതെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) സർക്കാർ നിർദ്ദേശിക്കുന്ന ഒരു റിട്ട. ജഡ്ജി/മുതിർന്ന ഉദ്യോഗസ്ഥനെ ചെയർമാൻ ആയും

(4) കാര്യ നിർവഹണ അധികാരത്തോടുകൂടിയ സെക്രട്ടറി ക്യാബിനറ്റ് സെക്രട്ടറി റാങ്കിൽ ആയിരിക്കണം.

(5) അംഗങ്ങളിൽ ഒരാൾ ആരോഗ്യ മേഖലയിൽ നിന്നുള്ള പ്രതിനിധി ആയിരിക്കണം.

(6) ആരോഗ്യ വകുപ്പ് ഡയറക്ടർ, അതോറിറ്റിയിൽ അംഗമായിരിക്കണം.

5. <u>അതോറിറ്റിയുടെ കർത്തവ്യങ്ങൾ.</u>—(1) സംസ്ഥാനത്ത് പകർച്ചവ്യാധികൾ, മാരകരോഗങ്ങൾ എന്നിവ പകരുന്നത് തടയുന്നതിനും

(2) ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനും

(3) രോഗം ബാധിച്ചവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പൊതു സമ്പർക്കം തടയുന്നതിനും

(4) പകർച്ച വ്യാധികൾ പടരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും

(5) ആവശ്യമായ സുരക്ഷിത വാസസ്ഥലം ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കണം

6. അതോറിറ്റിയുടെ പ്രവർത്തനം.—(1) അതോറിറ്റിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർ, ബോർഡ് അംഗങ്ങൾ എന്നിവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്.

(2) വിമാനത്താവളങ്ങൾ, റയിൽവേസ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചും ആവശ്യമുള്ള സമയത്തും സ്ഥലത്തും ബോധവൽക്കരണ സഹായ സ്ഥലങ്ങൾ ക്രമീകരിക്കണം.

(3) മാരക രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ മറച്ചുവയ്ക്കുന്നതും അതോറിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നതും ക്രിമിനൽ കുറ്റമായി തുടർനടപടി സ്വീകരിക്കണം.

7. അതോറിറ്റിയുടെ അധികാരങ്ങൾ.—(1) ഈ അതോറിറ്റി സംസ്ഥാനതല അതോറിറ്റി ആയി പ്രവർത്തിക്കണം.

(2) ആവശ്യമുള്ള സമയത്തും സ്ഥലത്തും താത്കാലിക കേന്ദ്രങ്ങൾ സ്ഥാപിച്ച് ഇടപെടണം.

(3) ഈ അതോറിറ്റിക്ക് കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

(4) കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് നൽകണം.

(5) ബോധവൽക്കരണക്ലാസുകൾ, സംഘടിപ്പിക്കണം.

(6) നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമ നടപടി സ്വീകരിക്കണം.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഇപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കി കഴിഞ്ഞാലുടൻ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതും നിയമസഭയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ചട്ടം നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കാൻ പാടുള്ളതല്ല. സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം ഏൽപ്പിച്ചുകൊടുക്കുന്നതിനും അധിക ചുമതല നൽകുന്നതിനും അധികാരം ഉണ്ടായിരിക്കും.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റി നിലവിൽ വരികയും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ മാത്രമേ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ സഞ്ചിത നിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ആയത് നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവും ഭരണപരമായ സ്വഭാവത്തോടുകൂടിയതുമാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തിൽ ഉള്ളതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനം ആരോഗ്യ രംഗത്ത് അസൂയാവഹമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. നൂതന സാങ്കേതിക വിദ്യ ഉൾപ്പെടെ ഉപയോഗപ്പെടുത്തിയുള്ള ചികിത്സാമാർഗ്ഗങ്ങൾ കൈയെത്തും ദൂരത്ത് ലഭ്യമാണ്. എന്നാൽ പുതിയ രോഗങ്ങൾ പലതും ലക്ഷണം കൊണ്ട് മാത്രം തിരിച്ചറിയാൻ കഴിയാത്തതിനാലും പലതിലും വ്യക്തമായ ചികിത്സ സാധാരണ ആശുപത്രികളിൽ ലഭ്യമല്ലാത്തതിനാലും സമീപകാലത്തെ രോഗങ്ങൾ പലതും സാധാരണക്കാരിൽ ഭീതി ഉളവാക്കിയിട്ടുണ്ട്.

ചികിത്സയ്ക്കും മരുന്നിനും നൽകുന്ന പ്രാധാന്യം മിക്ക രോഗികളും അവരുടെ ജീവിതരീതികളിൽ പാലിക്കുന്നില്ല എന്നതും യാഥാർത്ഥ്യമാണ്. പകർച്ചവ്യാധികളും മാരകരോഗങ്ങളും മറച്ചു വച്ചുകൊണ്ട് ആൾക്കൂട്ടത്തിൽ ഇടപെടുന്നത് രോഗം അതിവേഗം പകരുന്നതിന് ഇടയാക്കിയിട്ടുണ്ട്. ബോധവൽക്കരണം കൊണ്ട് മാത്രം വിദ്യാസമ്പന്നരായ മലയാളിയെ നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആവശ്യമായ നിയമ നിർമ്മാണം നടത്തേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം പൂർത്തീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

എൽദോ എബ്രഹാം, എം.എൽ.എ.